**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1311** **07-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾ മാനസിക സമ്മർദ്ദം അനുഭവിക്കുന്നതായുള്ള പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചെറിയ ക്ലാസുകളിലെ ഓൺലൈൻ പഠനത്തിന്റെ ഭാഗമായി അധ്യാപകർ അധികമായ പാഠഭാഗങ്ങളും ഹോം വർക്കുകളും വിദ്യാർത്ഥികളോട് ചെയ്യുവാൻ ആവശ്യപ്പെടുന്നത് മൂലം വിദ്യാർത്ഥികൾ മാനസിക സമ്മർദ്ദം അനുഭവിക്കുന്നതായുള്ള പരാതികൾ വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടില്ല. |
| (ബി) | വിദ്യാർത്ഥികൾക്ക് ദിവസവും നൽകുന്ന പാഠഭാഗങ്ങൾ, ഹോംവർക്കുകൾ എന്നിവ അവർക്ക് അധികഭാരമാകും വിധമല്ലാതെ ക്രമീകരിക്കാൻ വിദ്യാഭ്യാസ വകുപ്പ് മുൻകൈയ്യെടുക്കുമോ; വിശദമാക്കാമോ; | (ബി) | നിലവിൽ വിക്ടേഴ്സ് ചാനൽവഴി ചെറിയ ക്ലാസ്സുകൾക്ക് ഒന്ന് അല്ലെങ്കിൽ രണ്ട് ഡിജിറ്റൽ ക്ലാസ്സുകളാണ് ദിവസേന സംപ്രേഷണം ചെയ്യുന്നത്. ഈ ഡിജിറ്റൽ ക്ലാസ്സുകൾക്കാവശ്യമായ പിന്തുണയും തുടർ പ്രവർത്തനങ്ങളുമാണ് അധ്യാപകർ ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിച്ച് കുട്ടികൾക്ക് നൽകുന്നത്. ഇങ്ങനെ നൽകുന്ന പ്രവർത്തനങ്ങൾ കുട്ടിയ്ക്ക് സ്വയം പൂർത്തിയാക്കാൻ കഴിയുന്നതും ഒട്ടുംതന്നെ കുട്ടികൾക്ക് മാനസിക സമ്മർദ്ദം ഉണ്ടാക്കാൻ പാടില്ലാത്തതും ആകണം എന്ന നിർദ്ദേശമാണ് അധ്യാപകർക്ക് നൽകിയിട്ടുള്ളത്. |
| (സി) | അൺ-എയ്ഡഡ്, പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഒരു നിയന്ത്രണവും ഇല്ലാതെ ഇത്തരത്തിൽ ഓൺലൈൻ പഠനം വിദ്യാർത്ഥികൾക്ക് ഭാരമാകും വിധം അടിച്ചേൽപ്പിക്കുന്നത് വിദ്യാഭ്യാസ വകുപ്പിന് നിയന്ത്രിക്കാനാകുമോ; വിശദമാക്കാമോ? | (സി) | കുട്ടികളുടെ വിദ്യാഭ്യാസവകാശ ലംഘനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഇടപെടൽ ഉണ്ടാകാറുണ്ട്. എന്നാൽ അൺഎയ്ഡഡ്, പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഒരു നിയന്ത്രണവും ഇല്ലാതെ ഇത്തരത്തിൽ ഓൺലൈൻ പഠനം വിദ്യാർത്ഥികൾക്ക് ഭാരമാകുംവിധം അടിച്ചേൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇടപെടുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പിന് പരിമിതികൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ